# പരുമല സെമിനാരി

## —ഒരു തിരിഞ്ഞുനോട്ടം—

—ഫാ: കെ. ബി. മാത്യൂസ്, മാനേജർ

പരിശുദ്ധ പരുമല തിരുമേനിയുടെ ജീവിതരംഗവും, പ്രവർത്തന കേന്ദ്രവും, ഇന്നു ലക്ഷോപലക്ഷങ്ങളുടെ ആശാകേന്ദ്രവുമായിരിക്കുന്ന പരുമല ദയറായിൽ ബലഹീനനായ ഞാൻ താമസമുറപ്പിച്ചിട്ട് 38 വർഷങ്ങൾ ആയിരിക്കുന്നു. 26–ാം വയസ്സിൽ ഇവിടെ മാനേജരായി നിയമിക്കപ്പെട്ട ഞാൻ 64–ാം വയസ്സിൽ എത്തിയിരിക്കുന്നു. ഇക്കാലമത്രയും എന്റെ ബലഹീനതയെ താങ്ങി നടത്തി സംരക്ഷിച്ച ദൈവത്തിനു മഹത്വം പാടുന്നു.

ഞാൻ എത്തിച്ചേർന്ന ആ കാലഘട്ടത്തിലേക്കൊന്നു തിരിഞ്ഞുനോക്കുകയാണ്. എം. ഡി. തിയോളജിക്കൽ സിമ്മനാരിയിലെ വൈദിക അദ്ധ്യയനവും കോയമ്പത്തൂർ തടാകം ആശ്രമത്തിലെ പരിശീലനവും കഴിഞ്ഞ് വൈദിക പട്ടത്വവും സന്യാസത്തിന്റെ പ്രഥമ ശുശ്രൂഷകളും സ്വീകരിച്ചശേഷം സിലോണിൽ കൊളംബോ പട്ടണത്തിലുള്ള 'നൽമരണമാതാ' പള്ളിയിൽ ഏകദേശം ഒരു വർഷക്കാലം വികാരിയായിരുന്നു. അവിടെ നിന്നും നാട്ടിൽ മടങ്ങി എത്തിയ എന്നെ പരിശുദ്ധ കാതോലിക്കാബാവാ (ബസേലിയോസ് ഗീവറുഗീസ് ദ്വിതീയൻ) തിരുമനസുകൊണ്ട് പാമ്പാടി മാർ ഗ്രീഗോറിയോസ് തിരുമേനി, തുമ്പമൺ ഭദ്രാസനാധിപൻ പുത്തൻകാവിലെ കൊച്ചുതിരുമേനി എന്നീ പിതാക്കന്മാരുടെ സാന്നിദ്ധ്യത്തിൽ പരുമല സിമ്മനാരിയുടെ താക്കോലുകളും ചുമതലയും ഏൽപിച്ചു. സിമ്മനാരി ഭരണം പ്രയാസരഹിതമായ ഒന്നല്ലെന്നും ദൈവത്തിൽ ആശ്രയിച്ചും പരുമല തിരുമേനിയുടെ അനുഗ്രഹാശ്ശിസുകളിൽ അഭയം പ്രാപിച്ചും താൻ ഇവിടുത്തെ കാര്യാദികൾ വിശ്വസ്തയോടെ നടത്തിക്കൊള്ളണമെന്നുമാണ് പ. ബാവാ തിരുമേനി എന്നോടു കൽപിച്ചത്. ആ വചനങ്ങൾ ഇന്നും എന്റെ ചെവികളിൽ മുഴങ്ങി കേൾക്കുന്നുണ്ട്. ഈ കഴിഞ്ഞ 38 വർഷങ്ങൾ പുഷ്പങ്ങൾ നിറഞ്ഞ മേച്ചിൽ സ്ഥലങ്ങളിലൂടെയല്ല കഴിച്ചുകൂട്ടിയതെന്ന് ഈ കാലങ്ങളിൽ എന്റെകൂടെ താമസിച്ചിരുന്നവർക്ക് അറിയാം. പ്രതിബന്ധങ്ങളേയും പ്രയാസങ്ങളേയും വിമർശനങ്ങളേയും അഭിമുഖീകരിക്കേണ്ട സന്ദർഭങ്ങൾ ധാരാളമുണ്ടായിട്ടുണ്ട്. അവ ഓരോന്നും എങ്ങനെ തരണം ചെയ്തു എന്നു ഞാൻ അത്ഭുതപ്പെടുകയാണ്. അത് പരുമല തിരുമേനിയുടെ സംരക്ഷണവും ദൈവത്തിന്റെ നടത്തിപ്പും മൂലമാണ് എന്നു ഞാൻ പരിപൂർണ്ണമായി വിശ്വസിക്കുന്നു.

ഏററിക്കു മുമ്പു സിമ്മനാരി ഭരണം നടത്തിയ മല്പാൻ വട്ടശ്ശേരിൽ ഗീവറുഗീസ് (മലങ്കര സഭാഭാസുരൻ മാർ ഗീവറുഗീസ് ദീവന്നാസ്യോസ് മെത്രാപ്പോലീത്താ) പുന്നൂസ് റമ്പാൻ (മോറാൻ മാർ ബസേലിയോസ് ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാ ബാവാ) മുളന്തുരുത്തിൽ കരപ്പള്ളിൽ തോമസ് മല്പാൻ, വട്ടശ്ശേരിൽ പീലിപ്പോസ് കത്തനാര്, ഈ. ജെ. അബ്രഹാം കത്തനാര് എന്നിവരെ തുടർന്ന് മാനേജരായി നിയമിക്കപ്പെട്ട ഞാൻ സിമ്മനാരിയുടെ അനുദിന കാര്യങ്ങൾ നടത്തുന്നതിനുതന്നെ വളരെയധികം സാമ്പത്തിക ക്ലേശങ്ങൾ അനുഭവിക്കേണ്ടി വന്നു. പെരുന്നാൾ വരവുൾപ്പെടെ പ്രതിവർഷം സിമ്മനാരിയുടെ മൊത്തവരുമാനം രണ്ടായിരത്തിൽപ്പരം രൂപ മാത്രമായിരുന്നു. ഇന്നു കാണുന്ന നാടകശാല പണിയിച്ച വകയിൽ 4000 രൂപയോളം കടമുണ്ടായിരുന്നു. വട്ടശ്ശേരിൽ പീലിപ്പോസ് കത്തനാരു പിരിയുമ്പോൾ അച്ചനു നിശ്ചയിച്ചിരുന്ന തുച്ഛമായ ശമ്പളത്തിൽ തന്നെ 250 രൂപയോളം കുടിശിഖയായിരുന്നു. അതിനു സേവേറിയോസ് മെത്രാപ്പോലീത്താ ഒരു പ്രോമിസറിനോട്ട് അച്ചന് എഴുതി കൊടുക്കുകയും ഏതാനും നാളുകൾകൊണ്ട് ആ തുക കുറേശെ കൊടുത്തു തീർക്കുകയുമാണുണ്ടായത്. മുൻവശത്തു കാണുന്ന നാടകശാല ബ. പീലിപ്പോസച്ചൻ പണി ആരംഭിച്ചെങ്കിലും വാതിലുകൾക്കും ജനലുകൾക്കും കതകുകൾ പിടിപ്പിക്കുന്നതൊഴിച്ചുള്ള ജോലികൾ ബ. ഈ. ജെ. അബ്രഹാം അച്ചന്റെ ഭരണകാലത്തു പൂർത്തിയായി.

സമുദായ കേസ് (1111-ൽ 113-ാം നമ്പർ) കൊടുമ്പിരികൊണ്ടു നടക്കുന്ന കാലഘട്ടം. വരുമാനങ്ങളിൽ കഷ്ടിച്ചു ചെലവു കഴിച്ചുള്ള പണം വ്യവഹാര ആവശ്യത്തിനായി പരി. ബാവാ തിരുമേനിയെ ഏല്പിക്കുമായിരുന്നു.

നാടകശാല കെട്ടിടത്തിന്റെ അത്യാവശ്യ പണികൾ ഞാൻ പൂർത്തിയാക്കി. ആരികുപുറത്തു മാത്തൻ അവർകൾ 1048-ൽ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായ്ക്ക് ദാനമായി എഴുതി കൊടുത്ത 30 ദണ്ഡ് നീളവും 30 ദണ്ഡ് വീതിയുമുള്ള (ഇപ്പോൾ പ്രൈമറിസ്കൂൾ നിൽക്കുന്ന സ്ഥലം) സ്ഥലത്തിനു തൊട്ടു കിഴക്കുതെക്കായി കിടന്ന 60 സെന്റു സ്ഥലം കോന്നവത്തു വിചാരിപ്പുകാർ എന്നറിയപ്പെടുന്ന ഒരു ഹൈന്ദവ പ്രമാണിയുടേതായിരുന്നു. അതു സിമ്മനാരിക്കു തീറായി വാങ്ങിച്ചിരുന്നു. എന്റെ കാലത്താണ് അവർ വ്യവഹാരപ്പെടുകയും നമുക്കത് തീറവകാശമായി ലഭിക്കയും ചെയ്തു. ഇപ്പോൾ പള്ളിക്കു മുൻവശത്തുള്ള മതിൽക്കെട്ടിന്റെ മുൻവശം വടക്കുഭാഗവും സ്കൂൾ സ്ഥലത്തിന്റെ തെക്കുഭാഗവും കുഴികളും നിലവുമായിരുന്നു. ആയതു ഡ്രെഡ്ജർ വരുത്തി ആററിൽനിന്നും മണ്ണടിച്ചു നികത്തിയതാണ്. സിമ്മനാരിയുടെ തെക്കുവശത്തു കിഴക്കു പടിഞ്ഞാറായി കിടക്കുന്ന കോട്ടക്കാമലി എന്ന വസ്തുവിന്റെ കിഴക്കേ അററത്ത് 1 ഏക്കർ 12 സെന്റും ഊട്ടുപുരക്കു തെക്കുവശത്ത് 56 സെന്റും ആ മാലിയിൽ നിന്നും സിമ്മനാരിക്കു ഞാൻ തീറു വാങ്ങിച്ചു. പിന്നീട് ഇപ്പോൾ ആശുപത്രിയിലെ ഡോക്ടർമാർ താമസിക്കുന്ന തോപ്പിൽ പുരയിടം 97 സെന്റു സ്ഥലം സിമ്മനാരിക്കു വേണ്ടി എഴുതിച്ചു.

പരിശുദ്ധ പരുമല തിരുമേനിയുടെ കാലത്തു സിമ്മനാരിയിൽ താമസിച്ച് അധ്യസനം നടത്തി വന്നിരുന്ന ശെമ്മാശ്ശന്മാർക്ക് നിത്യ ചെലവിനു വളരെ പ്രയാസമായിരുന്നു. ചുററുപാടുള്ള ഇടവകകളിൽനിന്നും പിടിയരി മുതലായവ പിരിച്ചെടുത്താണ് നിത്യചെലവു നടത്തി വന്നത്. ആയതു പരിഹരിക്കണമെന്നുള്ള ഉദ്ദേശത്തോടു കൂടി കററാണത്ത് വെട്ടിക്കോട്ട് ആശുപത്രിയുടെ തെക്കു വശത്തു താമരക്കുളം പകുതിയിൽ 23 ഏക്കർ 59 സെന്റു നിലം പതിച്ചെടുത്തു. ആയതു ചെല്ലി എന്നു പറയുന്ന പുല്ലും വെള്ളക്കെട്ടുമായി കിടന്നിരുന്നതിനാൽ ചെല്ലിച്ചിറ എന്ന പേരിലാണ് അറിയപ്പെടുന്നത്. ഞാൻ മാനേജരായപ്പോൾ ആ നിലം അന്യ കൈവശമായിരുന്നു. ഞാൻ വരുന്നതിനു മുൻപ് ആ നിലത്തിൽനിന്നും ആണ്ടിനാൽ 100 പറ നെല്ലുപോലും കിട്ടിയിരുന്നില്ല എന്നു കണ്ട

ക്കുകൊണ്ടു കാണാവുന്നതാണ്. അത് അന്യകൈവശത്തിൽനിന്നും വീണ്ടെടുത്തു സിമ്മനാരി വകയാക്കുവാൻ അനേകം ക്രിമിനൽ കേസ് എന്റെ പേരിലുണ്ടാകയും അവയെല്ലാം അതിശയകരമായി തരണം ചെയ്യുകയും ചെയ്തു. അതിനെല്ലാം പരിശുദ്ധ പരുമല തിരുമേനിയുടെ അനുഗ്രഹവും ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ അവസരോചിതമായ പിന്തുണയും ലഭിച്ചു. ആ നിലത്തിൽനിന്നും ആണ്ടിനാൽ ആയിരത്തിയഞ്ഞൂറു പറ നെല്ലു പാട്ടമായി കിട്ടിക്കൊണ്ടിരുന്നു. ആ നിലം കൈവശപ്പെടുത്തുന്നതിനു ഞാൻ അനുഭവിച്ച ക്ലേശങ്ങളും അപകടങ്ങളും എത്രമാത്രമായിരുന്നു എന്ന് ഇന്നും പലർക്കൊക്കെ അറിയാവുന്നതാണ്. ടി നിലത്തിലെ കൃഷിയെടുപ്പു കാലത്തു ചെന്നു താമസിക്കുന്നതിനും കററകം വയ്ക്കുന്നതിനും നിലത്തിനടുത്ത് കരഭൂമിയില്ലാഞ്ഞതിനാൽ ആ നിലത്തിന്റെ തൊട്ടുകര 4 ഏക്കർ കാടുപിടിച്ചു കിടന്ന സ്ഥലം സെന്റ് ഒന്നിന് 4 രൂപ വച്ചു വാങ്ങിച്ച് കാടു തെളിച്ചു തെങ്ങു വയ്ക്കുകയും അതിൽ ഒരു ചെറിയ കെട്ടിടം വയ്ക്കയും ചെയ്തു. ആയതും നിലവും കേരള ഗവർമെന്റിന്റെ ഭൂനിയമംമൂലം അന്യകൈവശമായിരുന്നതിനാൽ വിൽക്കേണ്ടിവന്നു.

സമുദായക്കേസ് അവസാനിച്ചശേഷം ഒരു ദിവസം പരിശുദ്ധ ബാവാ തിരുമേനി പരുമല എഴുന്നള്ളിയിരുന്നപ്പോൾ എന്നോ ചോദിച്ചു. 'എടോ ഞാൻ ഇവിടെനിന്നും കേസിന് എത്ര രൂപാ വാങ്ങിച്ചു' എന്ന്. ഞാൻ ഉടനെതന്നെ ഓരോ വർഷത്തേയും വരവു ചെലവു കണക്കു നോക്കിയിട്ട് 'തിരുമേനി 9 വർഷമായിട്ടു നാല്പത്തിയൊൻപതിനായിരം രൂപാ പററിയിട്ടുണ്ട്'' എന്നു പറഞ്ഞു. ഉടനെ എന്നോടു കല്പിച്ചു: ''ഞാൻ എവിടെനിന്നും തരാനാണ്. ഇനിയും എനിക്ക് ഒന്നും വേണ്ട. ഇവിടെ വല്ലതും ചെയ്യണം'' എന്ന്.

അതിനു ശേഷമാണു ചുററുമുള്ള മതിൽ സിമ്മനാരി കെട്ടിടത്തിന്റെ വടക്കേ അററത്തുള്ള മൂന്നുനില കെട്ടിടം എന്നിവ പണിയിച്ചത്.

പരിശുദ്ധന്റെ കബറിടം മദ്ബഹായുടെ വടക്കുവശത്ത് ഒരു ചരിപ്പു വരാന്തയിൽ ഒതുങ്ങി നിന്നിരുന്നതുമൂലം കബറിങ്കൽ വരുന്ന തീർത്ഥാടകർക്കു വളരെയേറെ പ്രയാസമുണ്ടാക്കിയിരുന്നു. തീർത്ഥാടകരുടെ സൗകര്യത്തെ ഉദ്ദേശിച്ച് ഇപ്പോൾ കാണുന്ന കബർ കെട്ടിടം തുമ്പമൺ ഭദ്രാസനാധിപൻ മാർ പീലക്സിനോസ് തിരുമേനിയെക്കൊണ്ടു ശിലാസ്ഥാപനം നടത്തി പണിയാരംഭിച്ചു പൂർത്തിയാക്കി.

നിരണം ഭദ്രാസനത്തിന്റെ വകയായി ഒരു കോളജ് സ്ഥാപിക്കണമെന്നു മററുള്ളവരെപ്പോലെ എനിക്കും ആഗ്രഹമുണ്ടായിരുന്നു. പരുമലയിൽ കിഴക്കെ അററത്തുള്ള ഒരു റബർ തോട്ടം കോളേജിനുവേണ്ടി വാങ്ങിക്കണമെന്നും ആയത് നിരണം പള്ളിക്കാരെക്കൊണ്ടു വേണമെന്നും ബാക്കി കാര്യങ്ങൾ പരുമലയിൽനിന്നും മററുള്ള പള്ളികളിൽനിന്നും ചെയ്യിക്കണമെന്നുമാണ് ഉദ്ദേശിച്ചിരുന്നത്. എന്നാൽ കോളജ് നിരണത്തുതന്നെ വേണമെന്നു ശഠിച്ചതിനാലും അവിടെ അതിനു പററിയ സ്ഥലം കിട്ടാഞ്ഞതിനാലും കോളജ് പദ്ധതി നടപ്പാക്കാതെ വന്നു. ഈ അവസരത്തിൽ സമീപസ്ഥമായ ഹൈന്ദവർ കോളജിനു ശ്രമിക്കയും ഇന്നു സിമ്മനാരിയുടെ മുൻവശത്തു കാണുന്ന കോളജ് സ്ഥാപിക്കയും ചെയ്തു.

കോളജ് ലഭിക്കാതെ പോയതു ദൈവനിശ്ചയമാണ് എന്നും അതിനാൽ നിരാശപ്പെടേണ്ടതില്ലെന്നും സ്വയം സമാധാനപ്പെട്ടു. അതോടൊപ്പം പരി: പരുമല തിരുമേനിയുടെ ജീവകാരുണ്യ പ്രവൃത്തികൾ തുടർന്നു പോകുവാൻ നമുക്കുള്ള ചുമതല നിർവ്വഹിക്കുന്നതിനായിരിക്കും കോളജ് ലഭിക്കാതിരുന്നത് എന്നും തോന്നാതിരുന്നില്ല. പരി: ബസ്സേലിയോസ് ഗീവറുഗീസ് ദ്വിതീയൻ, പരി: ബസ്സേലിയോസ് ഔഗേൻ പ്രഥമൻ എന്നീ ബാവാ തിരുമേനിമാരുടെ കാലാകാലങ്ങളിലുള്ള അനുവാദത്താൽ ഒരു ആശുപത്രിക്കു തുടക്കം ആരംഭിച്ചു. ഇന്നു കാണുന്ന ആധുനിക സജ്ജീകരണങ്ങളോടു കൂടിയ ആശുപത്രി നാനാജാതിക്കും പ്രയോജനപ്പെടത്തക്കവണ്ണം ഉണ്ടാക്കി പ്രവർത്തനം ആരംഭിച്ചു.

പരുമലപ്പള്ളി ചെറിയതാകകൊണ്ട് ആരാധനയ്ക്കു വരുന്നവർക്കു വളരെ പ്രയാസം ഉണ്ടായിക്കൊണ്ടിരുന്നു. ആയതിനു കഴിവുള്ള ഒരു നിവർത്തി മാർഗ്ഗമായി പള്ളിയുടെ മുൻവശത്തെ ഭിത്തി പൊളിച്ചു നാടകശാലയിൽ നില്ക്കുന്നവർക്കു വി: കുർബാനയും മററും കാണ്ണത്തക്കവണ്ണം സൗകര്യമുണ്ടാക്കി.

കാലം ചെല്ലുംതോറും പരുമലയിൽ പരിശുദ്ധൻെറ കബറിങ്കലേക്കുള്ള തീർത്ഥാടകർ വർദ്ധിച്ചുകൊണ്ടിരിക്കയാണ്. അടുത്ത കാലത്തു വെള്ളിയാഴ്ചയിൽ, ഒരു ഞായറാഴ്ചയിൽ കൂടുന്ന ആളുകളേക്കാറം കൂടുതൽ വന്നു ആരാധനയിലും മററും സംബന്ധിക്കുന്നു.

വളരെ ദൂരെ സ്ഥലങ്ങളിൽനിന്നും ഇവിടെ തീർത്ഥാടകർ വരുന്നുണ്ട്, അവരിൽ പലരും ഏതാനും ദിവസങ്ങറം ഇവിടെ താമസിച്ചു പ്രാർത്ഥിക്കുന്നു. തീർത്ഥാടകർക്കു വന്നു താമസിക്കുന്നതിനു യാതൊരു സൗകര്യവും ഇപ്പോഴില്ല. ഈ കുറവു പരിഹരിക്കുന്നതിന് ഒരു കെട്ടിടം 'ധ്യാനമന്ദിരം' എന്ന പേരിൽ പണിയാരംഭിച്ചിരിക്കയാണ്. വാർദ്ധക്യത്തിൽ നിരാലംബരായി കഴിയുന്ന പട്ടക്കാർക്ക് ഇന്ന് ഒരു സങ്കേതം ഇല്ലാതെയാണിരിക്കുന്നത്. അങ്ങനെയുള്ളവരെ സ്വീകരിച്ചു താമസിപ്പിക്കുന്നതിന് ഈ ധ്യാനമന്ദിര കെട്ടിടത്തിൽ ഏതാനും മുറികറം ചേർത്തിരിക്കുന്നുണ്ട്.

കഴിഞ്ഞ ഈ 38 വർഷക്കാലം എൻെറ കൂടെ താമസിച്ചിരുന്ന പട്ടക്കാരുടെ അറിവോടും ആലോചനയോടും മേലധികാരികളായ തിരുമേനിമാരുടെ അനുവാദത്തോടുംകൂടിയാണ് ഇവിടുത്തെ ഭരണം ഞാൻ നടത്തിവരുന്നത്. ഈ സ്ഥാപനത്തിൻെറ പുരോഗതിക്കു ഹാനികരമെന്നു തോന്നിയിട്ടുള്ള ആരുടെ പ്രവണതയേയും ഞാൻ എതിർത്തിട്ടുണ്ട് എന്നുള്ളത് സത്യമാണ്.

ഇന്നു ലക്ഷോപലക്ഷം രൂപയുടെ ആസ്ഥികളും കുറേ ബാദ്ധ്യതകളും സിമ്മനാരിക്കുണ്ട്. ഈ നിലയിൽ എത്തുന്നതിനു വളരെ അപകടപൂർണ്ണമായ രംഗങ്ങളെ അഭിമുഖീകരിച്ചും, ത്യാഗങ്ങറം സഹിച്ചും പ്രവർത്തിച്ചതിൻെറ ഫലമായിട്ടാണ് എന്നു വ്യക്തമാക്കിക്കൊള്ളട്ടെ. തിരുമേനിമാരുടെ സഹായസഹകരണങ്ങറം എപ്പോഴും സിമ്മനാരിക്കു ലഭിച്ചിട്ടുണ്ട്. പരുമല തിരുമേനിയുടെ മദ്ധ്യസ്ഥതയും അനുഗ്രഹവും സിമ്മനാരി പ്രവർത്തനത്തിനു ലഭിച്ചുകൊണ്ടിരിക്കുന്നു എന്നുള്ളതാണ് സിമ്മനാരി ഈ വിധം പുരോഗമിക്കുന്നതിനുള്ള ഏററം പ്രധാന കാരണം എന്ന് എനിക്ക് എൻെറ അനുഭവങ്ങളിൽനിന്നും ദൃഢമായ വിശ്വാസമുണ്ട്.

പരിശുദ്ധ പരുമല തിരുമേനിയുടെ മദ്ധ്യസ്ഥതയിൽ ആശ്രയിച്ചും, ശാരീരികവും മാനസികവും ആത്മീയവുമായ ശാന്തിയും സമാധാനവും പ്രാപിക്കുന്ന ഭക്തജനങ്ങളുടെ എണ്ണം നാറംക്കു നാറം വർദ്ധിച്ചുകൊണ്ടിരിക്കുന്നു.

സിമ്മനാരിയുടെ പുരോഗതിക്കായി ഞാൻ പ്രവർത്തിച്ചതിനിടയിൽ ചിലരുടെയെല്ലാം എററുമുട്ടലുകളും അസുഖപ്രദമായ രംഗങ്ങളും ഉണ്ടായിട്ടുണ്ട്. എന്നാൽ ഒരു കാര്യം വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുന്നു. എനിക്ക് അവരോടു വിരോധമോ വെറുപ്പോ ഇല്ല. ഈ പരുമല പരിശുദ്ധൻെറ രണ്ടു ജൂബിലി കൊണ്ടാടുവാൻ എനിക്ക് ഇടയായിട്ടുള്ളത് ഒരു അനുഗ്രഹം തന്നെ എന്നു ഞാൻ വിശ്വസിക്കുന്നു.

ഈ പരുമല സിമ്മനാരി ലക്ഷോപലക്ഷം വിശ്വാസികളുടെ ആശ്വാസകേന്ദ്രവും അഭയ സ്ഥാനവുമായി തീരുമാറാകട്ടെ.

---